# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153

**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630

**February 8, 2009, Vol. 4, Issue 20**

**All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm**





## TIRELESS DISCIPLESHIP

The Gospel of Mark, unlike those of Matthew and Luke, has no infancy narrative, nor does it have a lengthy prologue to introduce it, as John's Gospel does. In Mark's account, one could say, Jesus hits the ground running. The stories we've been hearing these weeks come from the very first chapter of Mark, and they show us the public ministry of Jesus in its infancy. Today's account shows some of the strain or adjustment of his new life of preaching the reign of God, healing the sick, and casting out demons. Notice that after sunset, when darkness ended the workday, people brought the sick and possessed to Jesus. The following day he rose before dawn to get away by himself to pray, but to no avail. Simon Peter and the others don't just look for him, they pursue him, filled with the fervor that his ministry has incited. With the self-sacrificing example he gave until the end of his earthly life, he tells his followers that this is his whole purpose. Through Mark, he is also telling the early church, and he is telling us, that this is our purpose, our vocation: to be tireless in our pursuit of proclaiming the Good News, and in bringing the healing, reconciling touch of Christ to the world.

© Copyright, J. S. Paluch Co.

# ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചൻ



ദൈവ ദാസൻ
പൂതത്തിൽ തൊമ്മിയച്ചൻ

"ആണ്ടെടാ തൊമ്മിയച്ചൻ വരുന്നു." പിന്നെ സ്മശാന മൂകത. ഏതാണ്ട് 68 വർഷങ്ങൾക്കു മുൻപ് കൈപ്പുഴ പള്ളിയിൽ ഒരു ഞായറാഴ്ച കുർബ്ബാന സമയത്ത് കുട്ടികൾ ത്രോണോസിന്റെ തൊട്ടടുത്തായി മുട്ടുകുത്തിയും ചമ്പ്രം പടഞ്ഞും ഇരിക്കുകയായിരുന്നു. കുർബാനയ്ക്കു മിക്കവരും നേരത്തെ പള്ളിയിൽ വരുന്നതിനാൽ വിരുതന്മാരായ കുട്ടികളിൽ ചിലർ മുൻപിലിരിക്കുന്ന സൽസ്വഭാവിയായ ഏതെങ്കിലും കുട്ടിയുടെ ചെവിയിൽ തോണ്ടും. അപ്പോൾ തോണ്ടു കിട്ടിയവൻ പിന്തിരിഞ്ഞു നോക്കുമ്പോൾ കുറ്റവാളി ഒന്നുമറിയാത്ത ഭാവത്തിൽ ഇരിക്കും. തന്നെ തോണ്ടിയവനെന്നു തെറ്റിദ്ധരിച്ച് വെറുതെയിരുന്ന മറ്റൊരു കുട്ടിയുടെ തലയ്ക്ക് തോണ്ടു കിട്ടിയവൻ ശക്തിയോടൊരു തോണ്ടുകൊടുക്കും. നിരപരാധിയായ അവൻ അപ്പോൾ തന്നെ തോണ്ടിയവനെ കൂടുതൽ ശക്തിയോടെ തിരിച്ചു തോണ്ടും. അപ്പോൾ വിരുതന്മാരും മറ്റു കാണികളും ചിരിക്കും. കുട്ടി പിശാചിന്റെ പ്രേരണയാൽ ഇങ്ങനെയുള്ള കളികൾ അങ്ങിങ്ങ് അരങ്ങേറുന്നുണ്ടായിരുന്നു.



തയ്യാറാക്കിയത്:
ഓ.ജെ. ജോൺ
ക്ലാക്കിയിൽ

ഈ അവസരത്തിലാണ് ഇടവക പള്ളിയിൽ വിശ്രമ ജീവിതത്തിനായി എത്തിയിട്ടുള്ള ബഹു. പൂതത്തിൽ തൊമ്മിയച്ചൻ കുർബ്ബാന ചൊല്ലുവാനായി കയറി വരുന്നത്. അപ്പോൾ ഏറ്റവും പിറകിലുള്ള കുട്ടി അധികം ശബ്ദമുണ്ടാക്കാതെ പറയും: "ആണ്ടെടാ തൊമ്മിയച്ചൻ വരുന്നു." അതോടെ അവിടെ ശ്മശാന മൂകതയാവും. അച്ചൻ നോക്കുമ്പോൾ കുട്ടികൾ എല്ലാവരും നല്ല ഭയഭക്തിയോടുകൂടി അടങ്ങിയൊതുങ്ങിയിരിക്കുന്നു. അച്ചന് സന്തോഷം. അദ്ദേഹം കുർബ്ബാന തുടങ്ങുകയായി.

നീണ്ടൂർ തച്ചേട്ട് മ്യാലിൽ കുടുംബത്തിൽ ഇട്ടിക്കുഞ്ഞിന്റെയും നൈത്തിയുടെയും രണ്ടാമത്തെ മകനായി തൊമ്മി 1871 ഒക്ടോബർ 24നു ഭൂജാതനായി. ശ്രീ. ഇട്ടിക്കുഞ്ഞ് പൂതത്തിൽ കുടുംബത്തിൽനിന്നും തച്ചേട്ടു മ്യാലിൽ കുടുംബത്തിലേയ്ക്ക് താമസത്തിനു വന്നെങ്കിലും കുടുംബപേരു പോകാതിരിക്കുവാൻ റിക്കാർഡുകളിൽ "പൂതത്തിൽ" എന്നുതന്നെ കാണിച്ചിരുന്നു. നൈത്തി കിടങ്ങൂർ കട്ടുതോടിൽ കുടുംബാംഗമായിരുന്നു. ഇവർക്ക് ആറ് ആൺ മക്കളും ഒരു മകളും ഉണ്ടായിരുന്നു. ആറാമത്തെ മകൻ പാച്ചിയും വൈദികനായി.

തൊമ്മിയച്ചൻ ചെറുപ്പം മുതലേ ഭയഭക്തിയോടുകൂടി ജീവിച്ചിരുന്നു. നാട്ടിലെ ആശാന്മാരിൽ നിന്നു പഠനം ആരംഭിച്ച ശേഷം കോട്ടയം സി.എം.എസ്. സ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. വൈദികനാകണമെന്ന ആഗ്രഹം ഉണ്ടായതിനാൽ 19 വയസ്സുള്ളപ്പോൾ മദ്രാസിൽ തൃശ്ശനാപ്പള്ളി സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം ആരംഭിച്ചു. 1897 ഡിസംബർ 28ന് കോട്ടയം അരമന പള്ളിയിൽവച്ച് അഭിവന്ദ്യ മാക്കീൽ പിതാവിന്റെ കൈവെപ്പു ശുശ്രൂഷവഴി വൈദികനായി. പിന്നീട് മൂന്നു വർഷം സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചു. അവിടെ നിന്നു കുമരകം, ഉഴവൂർ, കിടങ്ങൂർ, മാഞ്ഞൂർ, നീണ്ടൂർ, കുറുമുള്ളൂർ എന്നീ പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചു.

വിശ്രമ ജീവിത കാലത്താണ് "അസൈലം" സ്ഥാപിച്ചത്.

*(Continued on page 4)*

## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**First Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

February 2009

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 8 | 9 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 |
| 22 | 23 | 24 | 25 | 26 | 27 | 28 |

# Schedule of Events

### SATURDAY, FEBRUARY 7, 2009

Holy Mass and Novena at 10:00 A.M.

### SUNDAY, FEBRUARY 8, 2009

Holy Mass and Religious Education at 10:00 A.M.
Rel. Edu. Festival Rehearsal at 11:00 A.M.
English Mass at 12:00 Noon.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M

### THURSDAY, FEBRUARY 12, 2009

Holy Mass & Novena at Community Center at 7:00 P.M.

### FRIDAY, FEBRUARY 13, 2009

Holy Mass at Maywood at 7:00 P.M.

### SATURDAY, FEBRUARY 14, 2009

Holy Mass and Novena at 10:00 A.M.

### SUNDAY, FEBRUARY 15, 2009

Holy Mass and Religious Education at 10:00 A.M.
Rel. Edu. Festival Rehearsal at 11:00 A.M.
English Mass at 12:00 Noon.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M

### THURSDAY, FEBRUARY 19, 2009

Holy Mass & Novena at Community Center at 7:00 P.M.

### FRIDAY, FEBRUARY 20, 2009

All souls Day according to Syro-Malabar Rite.
Holy Mass and Novena of St. Michael at Maywood at 7:00 P.M. **Common Office after Holy Mass.**
Little Flower Koodarayogam at Jomon Thekkepparabil's house.

### SATURDAY, FEBRUARY 21, 2009

Holy Mass and Novena at 10:00 A.M.

### SUNDAY, FEBRUARY 22, 2009

9:30 A.M. Morning Prayers followed by Holy Mass at 10:00 A.M. in Malankara Rite by **Bishop Joseph Mar Thomas** at Maywood in remembrance of Late Knanaya Bishop Thomas Mar Dioscoros. Parishioners of Syro-Malankara Church of Chicago will also participate in this Mass.
Rel. Edu. Festival Rehearsal at 11:00 A.M.
English Mass at 12:00 Noon in the parish hall.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M
Glenview Koodara Yogam at Johny Thekkepparambil's House.

### MONDAY, FEBRUARY 23, 2009

വിഭ്രൂതി / കുരിശ്ശുവര തിരുന്നാൾ  സീറോ മലബാർ
മേവുഡിൽ വൈകുന്നേരം 7:00 ന് കുർബാനയും ശുശ്രൂഷയും.
ഉപവാസവും മാംസ വർജ്ജനവും.

### WEDNESDAY, FEBRUARY 25, 2009

വിഭ്രൂതി / കുരിശ്ശുവര തിരുന്നാൾ  ലത്തീൻ സഭ
കമ്മ്യൂണിറ്റി സെന്ററിൽ വൈകുന്നേരം 7:00ന് കുർബാനയും നൊവേനയും പ്രത്യേക ശുശ്രൂഷയും.
ഉപവാസവും മാംസ വർജ്ജനവും.



# വികാരിയുടെ സന്ദേശം

## ഹോഫ്മാനിലെ നമ്മുടെ പള്ളി എന്നുണ്ടാകും?

എന്റെ പ്രിയ സഹോദരങ്ങളേ,

നാട്ടിൽ നമ്മുടെ കാരണവന്മാർ തെങ്ങും മാവും പ്ലാവും തുടങ്ങി ദീർഘകാല ഫലം നല്കുന്ന വൃക്ഷങ്ങൾ കൃഷി ചെയ്തിരുന്നു. അവയുടെ ഫലം അനുഭവിച്ചു തുടങ്ങണമെങ്കിൽ അനവധി വർഷം കാത്തിരിക്കണമായിരുന്നു. അപ്പോഴേയ്ക്കും വിത്തു പാകി കിളിർപ്പിച്ച് കളകളിൽനിന്നും കന്നുകാലികളിൽനിന്നും അവയെ സംരക്ഷിച്ച് വളം നല്കി വളർത്തിയവർ ഒരു പക്ഷേ കാലയവനികയ്ക്കുള്ളിൽ മണ്മറഞ്ഞിരിക്കും. എങ്കിലും അവർ അതു ചെയ്യുമ്പോൾ പറഞ്ഞിരുന്നു: ഇത് എനിക്കു വേണ്ടിയല്ല, എന്റെ മക്കൾക്കും കൊച്ചു മക്കൾക്കും വേണ്ടിയാണെന്ന്. വല്യപ്പന്മാർ തങ്ങൾക്കുവേണ്ടി ചെയ്ത അത്തരം സൽകൃത്യങ്ങളെ നന്ദിയോടെ അനുസ്മരിച്ചാണ് അവർ അതു പിൻതലമുറയ്ക്കുവേണ്ടി ചെയ്തിരുന്നത്.

ഇന്നത്തെ തലമുറ നാട്ടിൽപോലും ഇത്തരം ദീർഘകാല പദ്ധതിയ്ക്കു തയ്യാറല്ല. എല്ലാവർക്കും വേണ്ടത് നാട്ടിലെ വിവാഹം പോലെയാണ്. ഇന്നു പെണ്ണു കണ്ടാൽ, നാളെ ഉറപ്പിക്കണം, മറ്റന്നാൾ ഒത്തു കല്യാണം, പിറ്റേന്ന് വിവാഹം നടത്തി ഹണിമൂൺ ആരംഭിക്കണം. മരങ്ങൾ വെക്കുന്നതിനു പകരം ഒട്ടുമാവും ഒട്ടുപ്ളാവും വേഗം കായ്ക്കുന്ന തെങ്ങും തയ്യും കാർഷിക നേഷ്സറിയിൽ നിന്നു വാങ്ങി രാസ വളങ്ങളും കാർഷിക ഹോർമോൺസും ചേർത്ത് കഴിയുമെങ്കിൽ പിറ്റേന്നു തന്നെ ഫലം പറിച്ച് അനുഭവിക്കാനാണ് ആധുനിക തലമുറയ്ക്കു താല്പര്യം. ഈ ക്ഷമാരാഹിത്യം ഇന്നു ജീവിതത്തിലുടനീളം നമ്മെ സ്വാധീനിച്ചു തുടങ്ങിയിരിക്കുന്നു. പള്ളിക്കാര്യവും ഇതേരിതിയിലാണ് പലർക്കും.

ഹോഫ്മാനിൽ കെ.സി.എസ്. വാങ്ങിയ ഏഴ് ഏക്കറിനോടു ചേർന്ന് പള്ളി 2.46 ഏക്കർ വാങ്ങുകയും കെ.സി.എസിൻ നിന്ന് വാഗ്ദാനം ചെയ്ത ഭാഗം ലഭിക്കുകയും ചെയ്താലും അതു വീണ്ടും വിജനസ്ഥലവും ഒരു വീടുമല്ലേ ആകുന്നുള്ളു എന്നാണ് ചിലരുടെ ചോദ്യം. നമുക്കു വേണ്ടത്, "ഇട്ടു കുടുക്കേ ചോറും കറിയും" എന്നു പറയുമ്പോൾ സദ്യയാകണം. ഹോഫ്മാനിൽ പതിവു കുർബ്ബാനയും വേദപാഠവും തുടങ്ങാൻ ഇനി എത്രവർഷം കാത്തിരിക്കണം? ആ കാലം കൊണ്ട് നമ്മുടെ ഇപ്പോഴത്തെ മിക്ക കുട്ടികളും അതിന്റെ ഫലം അനുഭവിക്കാനാകാതെ കോളേജിലെത്തില്ലേ എന്നതാണ് ആശങ്ക.

ഇതിന് പരിഹാരമെന്ന നിലയിലാണ് കെ.സി.എസ്. ഭാരവാഹികളുമായി ആലോചിച്ച് ധ്രുതഗതിയിൽ ഫലം പുറപ്പെടുവിക്കുവാനുതകുന്ന ഒരു ആകർഷക പദ്ധതി പരിഗണിക്കുന്നത്. കെ.സി. എസിന്റെ വാഗ്ദത്ത ഭൂമി പള്ളിയ്ക്കു ലഭിക്കുമ്പോൾ പള്ളിയ്ക്ക് വൈദിക വസതിയും താല്ക്കാലിക മതബോധന സ്കൂളുമാകും. ഒരു താല്ക്കാലിക പള്ളികൂടി തീർത്തുകൊണ്ട് അടുത്ത സെപ്റ്റംബറിലെങ്കിലും അവിടെ വാരാന്ത്യത്തിൽ പതിവു കുർബ്ബാനയും മതബോധന സ്കൂളും ആരംഭിക്കാൻ സാധിക്കുമോ എന്നാണ് പഠിച്ചു വരുന്നത്.

ഹോഫ്മാനിൽ നാം പള്ളി പണിയുമ്പോൾ അത് അടുത്ത 50 മുതൽ 100 വർഷം വരെ മുൻപിൽ കണ്ടുകൊണ്ടാകണമല്ലോ. നമ്മുടെ വരും തലമുറയുടെ മാമ്മോദീസയും വിവാഹവും ഉൾപ്പെടെ എല്ലാ തിരുക്കർമ്മങ്ങളും അവിടെ നടക്കത്തക്കവിധം നമ്മുടെ കുട്ടികൾക്ക് ആകർഷകവും നിലവാരം പുലർത്തുന്നതും ആവശ്യത്തിനു വിസ്തൃതവുമായിരിക്കണം ദൈവാലയം. അത്തരമൊരു പള്ളി പണിയുവാൻ മില്യനുകൾ നാം മുടക്കണം. അത്രമാത്രം ധന സമാഹരണത്തിനുള്ള സാഹചര്യം നമുക്കിപ്പോൾ ഇല്ല. മാത്രമല്ല, ഹോഫ്മാൻ വിജയപ്രദമാകുമെന്ന ബോധ്യം വരാത്ത സംശയാലുക്കളുമുണ്ട്. ഹോഫ്മാനിൽ പള്ളി മാത്രം പോര അസ്സോസിയേഷന്റെ കമ്മ്യൂണിറ്റി സെന്ററും പണിയണമെന്ന് തീക്ഷ്ണമായി ആഗ്രഹിക്കുന്നവരുമുണ്ട്. അതുകൂടി സഫലീകൃതമാകണമെങ്കിൽ വീണ്ടും കുറേ മില്യൺകൂടി മുടക്കണം.

ഈ സാഹചര്യത്തിൽ എല്ലാവരെയും തൃപ്തിപ്പെടുത്തുവാനുള്ള പദ്ധതിയാണ് ആലോചിക്കുന്നത്. പള്ളിയ്ക്ക് സ്ഥലം ഹോഫ്മാനിൽ ലഭ്യമായാലുടൻ, അസ്സോസിയേഷന്റെ സ്ഥലത്ത് കമ്മ്യൂണിറ്റി സെന്ററിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ അരമില്യണോളം മുടക്കി ഒരു ജിംനേഷ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതു തീരുമ്പോൾ അത് മുഴുവനായോ ഭാഗികമായോ താല്ക്കാലിക പള്ളിയായി മാറ്റുവാൻ ഉദ്ദേശിക്കുന്നു. ആവശ്യമായ പാർക്കിംഗ് പള്ളിയുടെ സ്ഥലത്ത് പള്ളിയുടെ ചിലവിൽ അതേ സമയം നിർമ്മിക്കണം. ജിമ്നേഷ്യത്തിന്റെ കെട്ടിടം പള്ളിയായി നാമമാത്ര വാടകയ്ക്ക് അസ്സോസിയേഷൻ സെന്റ് മേരീസ് യൂണിറ്റിന് വിട്ടുകൊടുത്തു കഴിയുമ്പോൾ അവിടെ വാരാന്ത്യത്തിൽ കുർബ്ബാനയും മതബോധന സ്കൂളും നടത്തുവാൻ കഴിയും. അതിനുവേണ്ട അനുവാദം രൂപതാദ്ധ്യക്ഷൻ നല്കുമെന്നു പ്രതീക്ഷിക്കുന്നു.

അടുത്ത ഘട്ടമായി നമ്മുടെ ആവശ്യത്തിനിണങ്ങുന്ന രീതിയിൽ പള്ളിയ്ക്കുവേണ്ടിയുള്ള പദ്ധതി തയ്യാറാക്കി പണി ആരംഭിക്കണം. പള്ളി കൂദാശ ചെയ്യുമ്പോൾ നമ്മുടെ ഷിക്കാഗോ ഇടവക രണ്ടായി തിരിഞ്ഞു സെന്റ് മേരീസ് പൂർണ്ണ ഇടവകയാകും. അതോടൊപ്പം കെ.സി.എസി.ന്റെ ജിമ്നേഷ്യം അസ്സോസിയേഷന് വിട്ടുകൊടുക്കണം. തുടർന്ന് അസ്സോസിയേഷന്റെ കമ്മ്യൂണിറ്റി സെന്ററിന്റെ രണ്ടാം ഘട്ടമായ ബാങ്ക്വറ്റ്ഹോളും

*(Continued on page 4)*

### നറുങ്ങുവെട്ടം



**ദാഹജലത്തിനുവേണ്ടി**
**പച്ചപ്പുനോക്കി**
**നീങ്ങാതെ മരീചിക കണ്ട്**
**ഓടിയാൽ തളർന്നു വീഴില്ലേ?**

*(Continued from page 1)*

അതിനുണ്ടായ സാഹചര്യം ഇപ്രകാരമാണ്: തൊമ്മിയച്ചൻ കൈപ്പുഴ പള്ളിമേടയിൽ ഇരുന്നു വായിക്കുന്ന സമയത്ത് ആരോ കരയുന്നതു കേട്ട് ജനലിൽക്കൂടി താഴേയ്ക്കു നോക്കി. അപ്പോൾ ഒരു സ്ത്രീയും അവരുടെ മുടന്തുള്ള മകളും കരഞ്ഞുകൊണ്ട് വിസിറ്റേഷൻ കോൺവെന്റിൽനിന്നു പോകുന്നതു കണ്ടു. തൊമ്മിയച്ചൻ അവരെ അങ്ങോട്ടു വിളിപ്പിച്ച് കരച്ചിലിനുള്ള കാരണം ആരാഞ്ഞു. തന്റെ മകൾക്കു ചട്ടുള്ളതുകൊണ്ട് അവളെ മഠത്തിൽ ചേർക്കില്ലെന്നു മദർ പറഞ്ഞു.

ആ അംഗവൈകല്യമുള്ള കുട്ടിയുടെയും മാതാവിന്റെയും വേദന അച്ചനെയും ദുഃഖത്തിലാഴ്ത്തി. സമൂഹത്തിൽ അംഗവൈകല്യം മൂലം അശരണരാകുന്നവരെ സ്വീകരിച്ചു സംരക്ഷിക്കുവാൻ തനിക്കെന്തു ചെയ്യുവാനാകുമെന്ന് അദ്ദേഹം ചിന്തിച്ചു പ്രാർത്ഥിച്ചു. തൽഫലമായി അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവിന്റെ അനുവാദത്തോടെ അദ്ദേഹം 1925 മെയ് മൂന്നിന് ആരംഭിച്ചതാണ് സെന്തോമസ് അസൈലം.

ചൂളപ്പറമ്പിൽ പിതാവ് തൊമ്മിയച്ചനോടു ചോദിച്ചു: "അച്ചൻ ഇവർക്കെങ്ങിനെ ഭക്ഷണം കൊടുക്കും?" അച്ചൻ പറഞ്ഞു: "എനിക്കു കുറെ സ്വത്തുണ്ട്. അതു കൊടുത്തിട്ടെങ്കിലും ഞാൻ ഇവരെ തീറ്റി പോറ്റിക്കൊള്ളാം." നമ്മുടെ സമുദായത്തിലെ നാലു പേരെ ആദ്യം അസൈലത്തിലെടുത്തു. പിന്നീട് അംഗ സംഖ്യ വർദ്ധിച്ചു കൊണ്ടിരുന്നു.

അസൈലത്തിലെ അംഗസംഖ്യ ഏറിയപ്പോൾ അച്ചൻ ഒരു വേലക്കാരനെയും കൂട്ടി മെച്ചപ്പെട്ട മിക്ക ഭവനങ്ങളിലും കൊയ്ത്തു മെതിക്കളങ്ങളിലും ചെന്ന് കപ്പ, നെല്ല്, തേങ്ങാ, തുടങ്ങിയ കാർഷികോല്പന്നങ്ങൾ ശേഖരിച്ച് അസൈലത്തിൽ കൊടുത്തു. കൊയ്ത്തു മെതിക്കാലത്ത് കൂടുതൽ നെല്ലു വിളയുന്ന പെണ്ണാകരി, വിത്തുലി കണ്ടം, ചെറിയകരി, പോളങ്ങാം പടവ്, തുടങ്ങിയ പാടശേഖരങ്ങളിലും കായൽ പ്രദേശങ്ങളിലും നെൽപിരിവിനു പോയിരുന്നു. അതിന് തച്ചേട്ട് മ്യാലിൽ കുടുബത്തിനടുത്തുള്ള തോട്ടിൽ ഒരു വലിയ വള്ളവും ഊന്നക്കാരെയും സംഘടിപ്പിച്ചിരുന്നു. പിരിഞ്ഞു കിട്ടിയ നെല്ല് വീടിനടുത്തുള്ള ഒരു മുറിയിൽ സൂക്ഷിച്ചു വയ്ക്കുകയും അവിടെനിന്ന് കാളവണ്ടിയിൽ നെല്ല് അസൈലത്തിൽ എത്തിക്കുകയും ചെയ്തിരുന്നു.

അഗതികളുടെ സംഖ്യ വർദ്ധിച്ചതോടുകൂടി അവരുടെ മേൽനോട്ടം വഹിക്കുന്നതിന് ഒരു സന്യാസ സമൂഹം സ്ഥാപിച്ച് കന്യാസ്ത്രികളെ ചുമതല ഏല്പിക്കുന്നതിനു തീരുമാനിച്ചു. ചൂളപ്പറമ്പിൽ പിതാവ് അതിന് ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീട് തൊമ്മിയച്ചന്റെ ആഗ്രഹത്തിന് വശംവദനായി. 1928 ജൂലൈ മൂന്നിന് സെന്റ് ജോസഫ്സ് കന്യകാ മഠം സ്ഥാപിതമായി.

തൊമ്മിയച്ചന്റെ വ്യക്തി മാഹാത്മ്യം എടുത്തു പറയേണ്ടതു തന്നെ. ഉദ്ദേശം ആറടി പൊക്കവും അതിനടുത്ത വണ്ണവും വെളുത്ത നിറവും അദ്ദേഹത്തിനുണ്ടായിരുന്നു. ക്നാനായക്കാരിൽ സാധാരണയായി നിഴലിച്ചു കാണുന്ന രണ്ട് ഒടിവുകൾ അദ്ദേഹത്തിന്റെ മുഖത്ത് ഉണ്ടായിരുന്നു. നാസികാ ദ്വാരങ്ങളുടെ തൊട്ടു താഴെ ഇരുവശങ്ങളിൽനിന്നും ആരംഭിച്ച് താടിയെല്ലിന്റെ അടുത്തു തീരുന്ന രണ്ടു വ്യക്തമായ ചുളിവുകൾ അർദ്ധ ചന്ദ്രാകൃതിയിലുള്ള വിശേഷപ്പെട്ട അടയാളമാണ്. താടി മീശയും, ചൈതന്യമുള്ള കണ്ണുകളും ഘനഗാംഭീര്യമുള്ള പ്രസംഗവും ഇടവകാംഗങ്ങളെ ആകർഷിച്ചിരുന്നു.

തന്റെ 72 വർഷത്തെ ജീവിതത്തിൽ സമുദായത്തിനും, അശരണർക്കു പ്രത്യേകിച്ചും നല്ല സേവനം കാഴ്ചവെച്ച് 1943 ഡിസംബർ നാലിന് ദൈവസന്നിധിയിലേയ്ക്ക് അദ്ദേഹം യാത്രയായി. കൈപ്പുഴ പള്ളിയുടെ ചെറിയ പള്ളിയിൽ വൈദികരെ അടക്കം ചെയ്യുന്ന സ്ഥാനത്ത് ബിഷപ്പിന്റെയും വൈദികരുടെയും അനേകം മറ്റു ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ ശവസംസ്കാര ശുശ്രൂഷ നടന്നു.

നാലുതു വർഷങ്ങൾക്കു ശേഷം തൊമ്മിയച്ചന്റെ ഭൗതികാവശിഷ്ടം പുറത്തെടുത്ത് അസൈലത്തിലുള്ള സെന്റ് ജോസഫ്സ് സന്യാസിനി സമൂഹത്തിന്റെ കപ്പേളയിൽ തയ്യാറാക്കിയ കല്ലറയിൽ സൂക്ഷിച്ചിരിക്കുന്നു.

തൊമ്മിയച്ചന്റെയും അഭിവന്ദ്യ മാക്കീൽ പിതാവിന്റെയും പുണ്യ ജീവിത ഫലമായി പരിശുദ്ധ സിംഹാസനം അവരെ 2009 ജനവരി 26ന് ദൈവദാസരായി പ്രഖ്യാപിച്ചു. കത്തോലിക്കാ സഭയ്ക്കും, ക്നാനായ സമുദായത്തിനു പ്രത്യേകിച്ചും, ഇതൊരു അവിസ്മരണീയ ദിനമാണ്.

*(Continued from page 3)*

നിർമ്മിക്കാം.

നമ്മുടെ സ്വന്തം കെട്ടിടത്തിൽ തിരുക്കർമ്മങ്ങളും മതബോധന സ്ഥലം സോഷ്യലൈസേഷനും നടക്കുമ്പോളുണ്ടാകുന്നതിന്റെ അത്ഭുതകരമായ നേട്ടം മേവുഡിലെ അനുഭവത്തിലൂടെ നമുക്ക് വ്യക്തമായി കഴിഞ്ഞു. അത് സെന്റ് മേരീസ് യൂണിറ്റിന് ഇനിയും വൈകിക്കൂടാ. അതിനാൽ ഘട്ടം ഘട്ടമായുള്ള ഈ പദ്ധതിയിൽ സെന്റ് മേരീസ് യൂണിറ്റും കെ.സി.എസുമായി ഏവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

## ആഘോഷമായ മലങ്കര കുർബ്ബാന






Bishop Joseph Mar Thomas

തോമസ് മോർ ദീയോസ്കോറസ് തിരുമേനിയുടെ അനുസ്മരണയ്ക്കായി ഷിക്കാഗോ മലങ്കര ഇടവകയുമായി സഹകരിച്ച് ഫെബ്രുവരി 22 ഞായറാഴ്ച രാവിലെ 9:30 ന് നമ്മുടെ പള്ളിയിൽ സീറോ മലങ്കര റീത്തിൽ ബിഷപ്പ് ജോസഫ് മാർ തോമസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ പ്രഭാത പ്രാർത്ഥനയും തുടർന്നു ദിവ്യബലിയും ഉണ്ടായിരിക്കും. മതബോധന ക്ലാസ് 10:00 ന് ആരംഭിക്കും.




Christmas and New Year Celebration of Men's and Women's Ministry at Alhambra Palace Restaurant in Chicago

## RELIGIOUS EDUCATION FESTIVAL

On Saturday February 28th at 6:00 P.M.
Glenbard East High School,
1014 South Main St., Lombard, IL 60148.
Inauguration: **Bishop Mar Jacob Angadiath.**



**Theme: "To God Through Saints"**

Preparations are in progress.



# UPCOMING EVENTS

**FEBRUARY 2009**
22 Sunday: **Syro-Malankara Mass by Bishop Jose Mar Thomas at 9:30 A.M.**
23 **Ash Monday** service at 7:00 P.M. at Maywood.
25 **Ash Wednesday** Service and Novena at Community Center at 7:00 P.M.
28 Saturday 6:30 P.M. **Religious Education Festival** at Glenbard East High School. **Inauguration by Bishop Mar Jacob Angadiath.**

**MARCH 2009**
26 Thursday to 29 Sunday **Annual Retreat by Kulathuvayal Nirmala Retreat Center Team:** Rev. Fr. Jose Narithookkil (Former Chairman of K.S.T.), Sr. Tessin & Sr. Margaret.
26th Thursday 6:30 P.M. - 9:30 P.M. Holy Mass and novena followed by preaching at Community Center
27th Friday 10:00 A.M. Mass followed by preaching. End at 9:00 P.M. Mass also at 7:00 P.M. as usual.
28th Saturday 10:00 A.M. Mass followed by preaching. End at 9:00 P.M. Confession from 1:30 P.M.
29th Sunday 10:00 A.M. Mass followed by preaching. End at 8:00 P.M.
OLV Church: First talk at 4:30 P.M., Mass at 5:30 P.M., 2nd talk at 7:00 P.M. End at 8:00 P.M.

**APRIL 2009**
02 Thursday: **Confession** at Community Center at 7:00.
04 Saturday: **Passion Play Trip to Munster, Indiana.** Program starts at 3:00 P.M.
**Youth One Day Retreat at Techny Towers, at Northbrook by Mark Nemo and team from 7:00 A.M.**
05 **Palm Sunday** services at 10:00 A.M and 5:30 P.M.
09 **Holy Thursday** Service 6:30 P.M. at Maywood and 9:30 P.M. at Community Center.
10 **Good Friday** Service 10:00 A.M. at Maywood and 7:00 P.M. at Community Center.
11 **Holy Saturday** Service at 10:00 A.M. at Maywood.
**11 Easter Service at Maywood at 6:30 P.M. and at 11:00 P.M. for St. Mary's Unit.**
24 - 26 **Marriage Preparation Course.**

**MAY 2009**
02 Sat. 3:00 P.M. **First Holy Communion - Maywood.**
03 Sun. 3:30 P.M. **First Holy Communion - St. Mary's.**
10 Sunday: **Mothers Day** Celebration
22 - 24 **Main Feast of Sacred Heart of Jesus** by St. Stephen Koodara Yogam. **Bishop Mar Jacob Angadiath will be the main celebrant on Friday.**

**JUNE 2009**
13 Saturday: **Fundraising Program for Youth Center.**
21 Sunday: **Father's Day** Celebration.

## PASSION PLAY TOUR TO MUNSTER, INDIANA

**340 W. 45th Street, Munster, IN 46321.**



Various ministries of our Parish are organizing a tour to attend JESUS OF NAZARETH, a live passion play at Munster, Indiana directed by Steve Munsey. The program we attend will be on Saturday April 4th at 3:00 P.M. That is the eve of Palm Sunday to prepare ourselves for the Holy Week. Early registration is needed for discount rate and assure seat availability.

*"Steve Munsey is an international author, speaker, and personality well known for his cutting-edge skills in the performing arts. His heartbeat is soul winning, and his stage productions are being used as Kingdom tools both locally and around the world. Steve Munsey wrote the Passion play, Jesus of Nazareth, when he was nineteen years old. Jesus of Nazareth is featured on a beautiful, nearly 100ft wide permanent set of old Jerusalem. Steve directs over 2,000 cast and crew bringing to life the story of Jesus Christ. Viewers experience a variety of unique highlights such as live camels and horses, waterfalls, fireworks, explosions, and electrifying aerial stunts."*

**Please make this a family event**
**to prepare us spiritually for the Holy Week.**

Please register with the coordinators: Reethamma Accathara, Thankamma Nediyakalayil, Regy Idiyalil, Gracy Vachachira, Sunil Vettathukandathil, or Saly Kizhakkekuttu. Registration Fees is to be paid in advance. You may arrange your own transportation.



## *BALLROOM DANCE LESSONS*

***Women Ministry of the Sacred Heart Knanaya Catholic Parish is offering Ballroom Dance Lessons for couples. This training is need for wedding parties, especially for Father-daughter and Mother-son dances. The first batch of this class will start on Sunday, February 8th, from 1:00 P.M. - 2:00 P.M. and will continue for eight weeks. Second batch will follow after eight weeks. Those who are interested in participating in this training, should contact the coordinators: Beena Indikuzy, Molamma Nediyakala, Gracy Vachachira, and Annie Vachachira.***

## നാല്പത്തൊന്നാം ചരമദിനം

02-07-2009



**E.S. Uthuppan**
**Naduveettil, Uzhavoor**

## READERS / LECTORS ദനഹാക്കാലം

| February 8 | PASSAGE | MALAYALAM | ENGLISH | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Job 7:1-4, 6-7 | Tomy Pathiyil | Anu Moolakkattu | Paul Edat |
| 2nd Reading | 1 Corin. 9:16-19, 22-23 | Gracy Vachachira | Lenin Kannothara | Joel Jose |
| Gospel | Mark 1:29-39 | *Jesus cured many who were sick with various diseases.* | | |
| February 15 | | | | |
| 1st Reading | Leviticus 13:1-2, 44-46 | Philip Kannothara | Albin Mutholam | Tobin Kulangara |
| 2nd Reading | 1 Corinth. 10:31 — 11:1 | Shirley Vanchipurackal | Jensine Pottore | James Mundaplackil |
| Gospel | Mark 1:40-45 | *The leprosy left him immediately, and he was made clean.* | | |



## വാർഷിക ധ്യാനം

നയിക്കുന്നത്:

**കുളത്തുവയൽ റ്റീം**

ഫാ. ജോസ് നരിളുക്കിയിൽ

സി. റ്റെസ്സിൻ

സി. മാർഗരറ്റ്

എല്ലാദിവസവും രോഗശാന്തി ശുശ്രൂഷയും ആരാധനയും.

മാർച്ച് 26 വ്യാഴാഴ്ച കമ്മ്യൂണിറ്റി സെന്ററിൽ വൈകുന്നേരം 6:30നു കുർബ്ബാനയും നൊവേനയും തുടർന്നു ധ്യാന പ്രസംഗം 9:30 വരെ.

മാർച്ച് 27 വെള്ളിയാഴ്ച മേവുഡിൽ രാവിലെ 10:00ന് കുർബ്ബാന. തുടർന്നു രാത്രി 9:00 വരെ ധ്യാന പ്രസംഗം. വൈകുന്നേരം 7:00ന് കുർബാന.

മാർച്ച് 28 ശനിയാഴ്ച മേവുഡിൽ രാവിലെ 10:00ന് കുർബ്ബാന. തുടർന്നു രാത്രി 9:00 വരെ ധ്യാന പ്രസംഗം. ഉച്ചകഴിഞ്ഞ് കുമ്പസാരം.

മാർച്ച് 29 ഞായറാഴ്ച മേവുഡിൽ രാവിലെ 10:00ന് കുർബ്ബാന. തുടർന്നു രാത്രി 8:00 വരെ ധ്യാന പ്രസംഗം.

മാർച്ച് 29 ഞായറാഴ്ച വൈകുന്നേരം 4:30 മുതൽ 8:00 വരെ ഓ.എൽ.വി.യിൽ ധ്യാന പ്രസംഗം. 5:30നു കുർബ്ബാന. മതബോധന ക്ലാസ്സുകൾ പതിവു സമയത്ത് ഉണ്ടായിരിക്കും.

| SUNDAY OFFERINGS | Feb. 1 |
|---|---|
| **St. Mary's Unit at OLV** | **140.00** |
| Sacred Heart Church Mal. Mass | 2,068.00 |
| English Mass | 60.00 |
| Building Fund | 275.00 |
| Food (Desplaines) | 455.00 |
| Guadalupe Offering | 47.00 |
| Agape Stall for Charity | 52.00 |
| **TOTAL AT MAYWOOD** | **2,957.00** |

## ഹോഫ്മാനിൽ രണ്ടാമത്തെ പള്ളി

നമ്മുടെ സെന്റ് മേരീസ് ദൈവാലയത്തിനുവേണ്ടി ഹോഫ്മാൻ എസ്റ്റേറ്റ്സിൽ കെ.സി.എസിന്റെ സ്ഥലത്തോടു ചേർന്നു നാം പുതുതായി വാങ്ങുന്ന സ്ഥലത്തിന്റെ ക്ലോസിംഗ് ഫെബ്രുവരിയിൽ നടത്തേണ്ടതിനാൽ എല്ലാവരും എത്രയും വേഗം ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.


## Jacob's Food & Groceries

579-581 n. York Road, Elmhurst, IL 60126

Call Biju James Poothura @ 630-833-8072

**FRESH & FROZEN MEAT, FISH, VEGETABLE, SPICES & SNACKS.**

കൂടാതെ എല്ലാവിധ കേരളീയ ഭക്ഷണ സാധനങ്ങളും ലഭിക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 10 മുതൽ രാത്രി 8 വരെ തുറന്നു പ്രവർത്തിക്കുന്നതാണ്.

**Tamil, Hindi & Malayalam Movies Available Here**


PLEASE SUPPORT OUR ADVERTISERS WHO HELP US TO PUBLISH THIS BULLETIN.





YOU INVITE THE GUESTS, WE DO THE REST

Malabar

Catering & Carry-out

**Professional with 11 years experience in catering.**

Call

**WILLIAM GEORGE**

911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

## For All Your Tax Services

**Free Electronic Filing & Fast Refund**

**Sabu Madathiparambil**

**Cell: 847-276-7354**

**Off: 847-655-7472**

**1600 W. Dempster St., Suite 205**

(Opp. to Lutheran General Hospital)

**Park Ridge, IL 60068**

**sabuaphilip@hotmail.com**

## Loan Consultant

CITYWIDE JMW REALTY INC.

**Cell: 847-276-7354**

**Sabu Madathiparambil**

**Citywide Mortgage of America Corp.**

**sabuaphilip@hotmail.com**

**Home: 847-918-0242**

Illinois Residential Mortgage Licensee

Equal Housing Lender





*Best compliments from The Mutholath Family*



**Pro-Rehab Services, P.C.**

**Outpatient Rehab. Specialists.**

Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.

6400 College Dr. Suite 800
Palos Heights, IL 60463
(708) 489 6PRS

9518 W. 179th Street
Tinley Park, IL 60487
www.pro-rehabservices.com

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**

Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.

6400 College Dr. Suite 100, Palos Heights, IL 60463

(708) 489-0123, www.choicecarehh.com

Medicare Certified, most insurance accepted.

